(3) ശ്രീ. കെ. പി. എ. മജീദിന്റെ— മലപ്പുറത്തു നടന്ന കൊലപാതകങ്ങൾ

ശ്രീ. കെ. പി. എ. മജീദ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ മലപ്പുറം പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മക്കർപ്പറമ്പയിൽ ഈ അടുത്തകാലത്തുണ്ടായ രണ്ടു കൊലപാതകങ്ങൾമൂലം ജനങ്ങളുടെ ഇടയിൽ ഉണ്ടായ ആശങ്കയും പ്രതിഷേധവും വേദനയും അറിയിക്കാൻവേണ്ടിയാണ് ഞാൻ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും സഭയുടേയും ശ്രദ്ധ ക്ഷണിക്കുന്നത്. രണ്ടു വർഷം മുൻപ് ചക്കി എന്നു പോരുള്ള ഒരു ഹരിജൻ യുവതിയെ ഇവിടെ നിർദ്ദയമായി കൊലപ്പെടുത്തുകയുണ്ടായി. അതിന്റെ കേസ് അന്വേഷണത്തിന്റെ കാര്യത്തിൽ കാര്യമായ പുരോഗതിയുണ്ടാകാത്തതുകൊണ്ട് ആ കേസ് ക്രൈം ഡിറ്റാച്ചുമെന്റിനെ ഏൽപ്പിക്കുകയുണ്ടായി. എന്നാൽ ക്രൈം ഡിറ്റാച്ചുമെന്റിന്റെ അന്വേഷണവും ആ കേസിന് വേണ്ടമാതിരി തുമ്പുണ്ടാക്കുന്നതിനും പ്രതികളെ കണ്ടുപിടിക്കുന്നതിനും സാധിക്കാത്ത ഒരു ചുറ്റുപാടുണ്ടായി. ഈ കഴിഞ്ഞ രണ്ടു മാസംമുൻപ് ഇതേ പ്രദേശത്ത് അമ്മുക്കുട്ടിയമ്മ എന്ന സ്ത്രീയെ നിർദ്ദയം കൊലപ്പെടുത്തുകയുണ്ടായി. ഈ കൊലപാതകത്തെ സംബന്ധിച്ചുള്ള ലോക്കൽ പോലീസിന്റെ അന്വേഷണവും തൃപ്തികരമായി മുൻപോട്ടു കൊണ്ടുപോകാൻ സാധിച്ചിട്ടില്ല. ഈ രണ്ടു കൊലപാതകങ്ങളുടേയും പിന്നിൽ സാമ്പത്തികമായ ലക്ഷ്യങ്ങൾ വച്ചുകൊണ്ടാണ് നടത്തിയിട്ടുള്ളത്, എന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്.

ഈ രണ്ടു കൊലപാതകങ്ങളും നടന്ന സന്ദർഭത്തിൽ ഉടനടി പോലീസ് വിഭാഗം സ്വീകരിക്കേണ്ട നടപടികളായ പോലീസ്നായയെ കൊണ്ടുവരിക, അതുപോലെതന്നെ വിരലടയാള വിദഗ്ദ്ധൻമാരെ കൊണ്ടുവന്ന് പരിശോധിപ്പിക്കുക തുടങ്ങിയുള്ള പ്രാഥമിക ഘട്ടത്തിൽ ചെയ്യേണ്ടതായിട്ടുള്ള കാര്യങ്ങൾ ചെയ്യാതിരുന്നതുകൊണ്ടാണ് ഈ അന്വേഷണങ്ങൾ തൃപ്തികരമായി മുൻപോട്ടു കൊണ്ടുപോകാൻ സാധിക്കാതെ വന്നിട്ടുള്ളത്. ഈ കേസ് സുകൃം തെളിയിക്കാത്തതുകൊണ്ടും പ്രതികളെ കണ്ടുപിടിക്കുവാൻ സാധിക്കാത്തതുകൊണ്ടും ജനങ്ങളുടെ ഇടയിൽ വലിയ ആശയക്കുഴപ്പവും ആശങ്കയും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആഭ്യന്തരവകുപ്പിന്റെ ചുമതല കൂടി ഏറ്റെടുത്തതിനുശേഷം കുറെയധികം കേസ് സുകൃം തെളിയിക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ളതുകൊണ്ട് അങ്ങ് ഈ രണ്ട് കൊലപാതക കേസുകളും ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചുകൊടുത്തുകൊണ്ട് ഇതിലെ പ്രതികളേയും കുറ്റക്കാരേയും കണ്ടുപിടിച്ചുകൊണ്ട് ജനങ്ങളുടെയിടയിൽ ഉണ്ടായിട്ടുള്ള വിഷമങ്ങളും പ്രതിഷേധങ്ങളും ഒഴിവാക്കുന്നതിനുവേണ്ട സത്വരനടപടികൾ കൂടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ രണ്ടു പരാതികളെ കുറിച്ചും ഗവൺമെന്റിന് കിട്ടിയ വിവരമനുസരിച്ച് ഈ അമ്മുക്കുട്ടിയമ്മയുടെ കൊലപാതകം സാമ്പത്തികമായ മെച്ചം ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്ന് വേണം കരുതാൻ. അവർ തനിച്ചായിരുന്നു താമസിച്ചിരുന്നത്. ഒരു വിധവയാണ്. പത്തറുപത്തിയഞ്ചു വയസ്സുമായി. അവരെ കഴിഞ്ഞ ആഗസ്റ്റു മാസം 2-ാം തീയതിയാണ് ഒടുവിൽ കാണുന്നത്. എന്നാൽ ആഗസ്റ്റ് മാസം 4-ാം തീയതിയാണ് അവരെ കാണാനില്ലെന്ന് പറഞ്ഞുകേട്ടത്. പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടങ്ങി. ഇപ്പോൾ സർക്കിൾ ഇൻസ്പെക്ടർ ഈ കേസ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ചക്കിയുടെ മരണം 1984 ഏപ്രിൽമാസം നടന്നിട്ടുള്ളതാണ്. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കേസ്സും ക്രൈംബ്രാഞ്ചാണ് അന്വേഷിക്കുന്നത്. അമ്മുക്കുട്ടിയമ്മയുടെ മരണം സംഭവിച്ച കേസ് ഇപ്പോഴും സി. ഐ. നേരിട്ടാണ് നടത്തുന്നത്. അത് ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കാം. ഇക്കാര്യത്തിൽ വളരെ ശ്രദ്ധാപൂർവം അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടുപിടിക്കാനാവശ്യമായ നടപടികളും സ്വീകരിക്കാം. പോലീസിന് അതിനുവേണ്ട നിർദ്ദേശം കൊടുക്കാം. അതിനാവശ്യമായ കല്പനകളും പുറപ്പെടുവിക്കുകയും ചെയ്യാം.

(4) ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങലിന്റെ—വലപ്പാട് ശ്രീരാമ പോളിടെക്നിക്കൽ കമ്പ്യൂട്ടർ കോഴ്സ്

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : സർ, എന്റെ നിയോജകമണ്ഡലത്തിലെ വലപ്പാട് ശ്രീരാമ പോളിടെക്നിക്ക് കേരളത്തിലെ ഏറ്റവും നല്ല പോളിടെക്നിക്കുകളിൽ ഒന്നാണ്. ഈ സ്ഥാപനത്തെ കമ്പ്യൂണിറ്റി പോളിടെക്നിക്കായി കേന്ദ്രഗവൺമെന്റ് തെരഞ്ഞെടുത്തുകഴിഞ്ഞു. സിൽവർ ജൂബിലി ആഘോഷിച്ച വളരെ നല്ലനിലയിൽ പ്രവർത്തിക്കുന്ന ഈ പോളിടെക്നിക്കിൽ കംപ്യൂട്ടർ കോഴ്സ് വേണമെന്നുള്ള ആവശ്യം ഇതിനുമുൻപ് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ പെടുത്തിയിരുന്നു. അടുത്തവർഷം കമ്പ്യൂട്ടർ കോഴ്സ് തുടങ്ങുന്നതിനുള്ള അനുമതി നല്കണമെന്നും വർക്ക്ഷോപ്പിനു ആവശ്യമായിട്ടുള്ള മെറ്റീരിയൽ വാങ്ങുന്നതിനുള്ള പണം അനുവദിക്കണമെന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, അടുത്ത വർഷം ഈ കോഴ്സ് തുടങ്ങണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഇക്കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. അടുത്ത വർഷം വലപ്പാട് ശ്രീരാമ പോളിടെക്നിക്കിൽ കംപ്യൂട്ടർ കോഴ്സ് ആരംഭിക്കുന്നതാണ്.

(5) ശ്രീ. ഇ. കെ. നായനാരുടെ—ഗവൺമെന്റ് നഴ്സിംഗ് വിദ്യാർത്ഥിനികളുടെ സമരം

ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, ഗവൺമെന്റ് നഴ്സിംഗ് സ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഇവിടെ ഒരു സത്യാഗ്രഹ സമരം നടത്തുകയാണ്. അവർ മഴ നനഞ്ഞുകൊണ്ട് കിടക്കാൻ നിർബന്ധിതരായിരിക്കുകയാണ്. സത്യാഗ്രഹപ്പന്തൽ കെട്ടുന്നതിനുള്ള അനുവാദം അവർക്ക് കൊടുത്തിട്ടില്ല. ഞാൻ ഇന്നു രാവിലെ വരുമ്പോഴും മഴ നനഞ്ഞുകൊണ്ട് അവർ അവിടെ കിടക്കുകയാണ്. നമ്മുടെ പരിശീലനമേഖലയെ ഗുരുതരമായി ബാധിക്കുന്ന ഒന്നാണ് അവരുടെ ഈ സത്യാഗ്രഹ സമരം. ഈ മാസം 10-ാം തീയതി പുറപ്പെടുവിച്ച ഗവൺമെന്റുത്തരവിൽ രണ്ടു കാര്യങ്ങൾ പറയുന്നുണ്ട്.

(1) ഗവൺമെന്റ് നഴ്സിംഗ് സ്ക്കൂളുകളിൽ പഠിക്കുന്ന നഴ്സിംഗ് വിദ്യാർത്ഥികളുടെ ബോണ്ട് ഒബ്ലിഗേഷൻ നിർത്തലാക്കുന്നു.

(2) സ്റ്റൈപെൻഡും യൂണിഫാം അലവൻസും 1987 ജനുവരി മുതൽ ആരംഭിക്കുന്ന കോളേജുകളിലെ വിദ്യാർത്ഥിനികൾക്കും നൽകുന്നതല്ല.

സഹകാര്യ മേഖലയിൽനിന്നും ധാരാളംപേർ നഴ്സിംഗ് പരീക്ഷ പാസ്സായിവരുന്ന സാഹചര്യം കണക്കിലെടുത്താണ് ഈ തീരുമാനമെന്ന് ഗവൺമെന്റിന്റെ കമ്മ്യൂണിക്കേയിൽ പറയുന്നു. ഗവൺമെന്റ് നഴ്സിംഗ് സ്ക്കൂളുകളിൽ പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർക്കാരിന്റെ കീഴിൽ സേവനം അനുഷ്ഠിക്കുന്നതു സംബന്ധിച്ച് നഴ്സിംഗ് സ്ക്കൂളുകളിൽ ചേരുമ്പോഴുതന്നെ ഒരു കരാർ ഒപ്പിട്ടുകൊടുക്കണം. ആ കരാറിലെ ഡോക്യുമെൻസിലെ ലംഘനമാണ് ഈ ഗവൺമെന്റിന്റെ ഉത്തരവുകൾ.

LIBRARY ARCHIVES Kerala Legislative Assembly